കഷ്ടത്തിലാണ്. കൂലിപ്പണി ചെയ്ത് ഉപജീവനം കഴിക്കുന്നവരും വേറെ ഒരു സെന്റ് ഭൂമി പോലും സ്വന്തമായി ഇല്ലാത്തവരുമായ ഈ പാവപ്പെട്ട കുടുംബങ്ങളുടെ അപേക്ഷ പരിഗണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തരനടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ വട്ടച്ചാൽ, രണ്ടുകണ്ണി എന്നീ സ്ഥലങ്ങൾ റീസർവ്വേ 90-ൽ ഉൾപ്പെട്ടതാണ്. റീസർവ്വെ 3(1) എന്ന് കാണിച്ചിട്ടുള്ളത് ശരിയല്ല. മേൽപ്പടി ഭൂമി പുഴപുറമ്പോക്ക് ഭൂമിയായതിനാലാണ് നികുതി സ്വീകരിക്കാത്തത്. പുഴപുറമ്പോക്ക് ഭൂമി പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പഞ്ചായത്തിന്റെ അനുമതിയോടുകൂടി മാത്രമെ സർവ്വേ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഇവിടെ ആവശ്യപ്പെട്ടതനുസരിച്ച്, ഇതിനാവശ്യമായ നിർദ്ദേശം നല്കുന്നതിനും അതിനെക്കുറിച്ച് ആലോചിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(13) വ്യവസായ സംരംഭകർക്ക് പലിശയിളവ്

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, പല മേഖലകളിലും പിന്നോക്കം നില്ക്കുന്ന കാസർഗോഡ് ജില്ല വ്യവസായ മേഖലയിലും ഏറ്റവും പിന്നിൽത്തന്നെയാണ്. പരീക്കർ കമ്മീഷൻ റിപ്പോർട്ടിൽ ഈ പിന്നോക്കാവസ്ഥയെക്കുറിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വ്യവസായ സംരംഭത്തിന് അനുയോജ്യമായ ധാരാളം സ്ഥലം ലഭ്യമാണ്. വ്യവസായ സംരംഭകരെ ആകർഷിക്കാനാവശ്യമായ നടപടികളാണ് വേണ്ടത്. വ്യവസായ സംരംഭകരെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ബോധ്യപ്പെടുത്താനും അതുവഴി അവരെ ആകർഷിക്കാനും ആവശ്യമായ നടപടികൾ ഉണ്ടാകണം. താല്പര്യമെടുത്തുവരുന്ന വ്യവസായ സംരംഭകരോട് പരമാവധി സഹായകരമായ സമീപനമുണ്ടാകണം. പിന്നോക്ക ജില്ലയെന്ന പരിഗണന നല്കി കാസർഗോഡ് ജില്ലയിലെ വ്യവസായ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന ലോണിന് പലിശനിരക്കിൽ പ്രത്യേകം ഇളവ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാൻ സർക്കാർ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു പിന്നോക്ക ജില്ല എന്നുള്ള നിലയിൽ കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ വ്യവസായം തുടങ്ങുന്ന സംരംഭകർക്ക് പ്രത്യേക പാക്കേജ് കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം. ഇത് പരിഗണിക്കാവുന്ന ഒരാവശ്യമാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുകൾ ധാരാളം വന്നിട്ടുണ്ട്. അവിടെ ധാരാളം സ്ഥലവുമുണ്ട്. അതുപോലെതന്നെ അവിടെ ഐ.ടി. പാർക്കും വരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യും മറ്റ് ഏജൻസികളുമൊക്കെ കാസർഗോഡ് ജില്ലയ്ക്കുവേണ്ടി പലിശയിളവ് ഉൾപ്പെടെ ഒരു പാക്കേജ് നല്കുന്നതിനായി ആലോചിക്കുന്നുണ്ട്. തീർച്ചയായും അതിനുവേണ്ടിയുള്ള ഒരു തീരുമാനം ഈ ഗവൺമെന്റ് എടുക്കുന്നതാണ്.

(14) തോട്ടം മേഖലയിലെ ഭക്ഷ്യധാന്യ വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ ഏറ്റവും കൂടുതലുള്ള തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ ബഹുമാന്യരായ ആര്യാടൻ മുഹമ്മദ് സാറും തൊഴിൽ വകുപ്പുമന്ത്രിയും കഴിഞ്ഞ മാസങ്ങളിൽ വളരെ പ്രയാസപ്പെട്ടാണ് പരിഹരിച്ചത്. കൂടുതൽ ജോലി, കൂടുതൽ കൂലി എന്നുള്ള നിലയിലേയ്ക്ക് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട അവസരത്തിലും ഇത്രയും വിലക്കയറ്റമുള്ള സാഹചര്യത്തിൽ സിഡ്കോയിലൂടെ ചില സ്ഥാപനങ്ങൾ അവിടെ നടത്തിവരുന്നതുകൊണ്ട് സാധാരണഗതിയിൽ ഒരു കിലോ അരിക്ക് 10 രൂപയെങ്കിലും മാർക്കറ്റ് വിലയേക്കാൾ കുറവ് കിട്ടുകയും പലചരക്ക് സാധനങ്ങൾ സാലറി ഡിഡക്ഷനിലൂടെ അവർക്ക് വാങ്ങിക്കുവാനുള്ള സാഹചര്യവും ഉണ്ടായിരുന്നു. നാല് മാസക്കാലമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ല. ഏകദേശം 40 കോടി രൂപയ്ക്ക് മുകളിലുള്ള വികസന പ്രവർത്തനങ്ങളുടെ തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളും അടിസ്ഥാന സൗകര്യങ്ങൾ നടത്തുന്നതിനുവേണ്ടി എസ്.സി. ഡിപ്പാർട്ടുമെന്റ് കൊടുത്തിട്ടുള്ള തുകയും അസറ്റ് ഫണ്ടിലുള്ള തുകയുമൊക്കെ സിഡ്കോയിലുണ്ട്. ഇങ്ങനെ വിവിധ പദ്ധതികളുൾപ്പെടെയുള്ള പ്രവർത്തനങ്ങളെല്ലാം സിഡ്കോയിലുള്ള സാഹചര്യത്തിൽ ഞാൻ തന്നെ നേരിട്ട് നാല് മാസത്തിനിടയ്ക്ക് മൂന്നുനാലുപ്രാവശ്യം പോവുകയും അവിടത്തെ എം.ഡി.യെയും ചെയർമാനെയും കാണുകയും ചെയ്തു. യാതൊരുവിധ പ്രയോജനവും ഉണ്ടായില്ലെന്ന് മാത്രമല്ല അതിന്റെ പ്രവർത്തനം നിശ്ചലമായി നിൽക്കുകയുമാണ്. ഈ മാസം അവിടുത്തെ ജീവനക്കാർക്കുപോലും ശമ്പളം കൊടുക്കാൻ സാധിക്കുമോ എന്നുള്ളത് കണ്ടറിയണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ RIAB എന്ന ഒരു സ്ഥാപനമുണ്ട്. അത് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. സിഡ്കോയെയും RIAB-നേയും അതിന്റെ ചുമതലക്കാരനായ സെക്രട്ടറിയെയും രക്ഷപ്പെടുത്തണം. ഈ സെക്രട്ടറി തന്നെയാണ് സിഡ്കോയുടെ എം.ഡി. ആകെ പ്രയാസത്തിൽനിൽക്കുന്ന ഈ സാഹചര്യത്തിൽ അങ്ങ് മറ്റൊരാളെ കണ്ടെത്തി ഈ സ്ഥാപനം നിലനിർത്തുവാനും

LIBRARY ARCHIVES Kerala Legislative Assembly